

TUESDAY 07-06-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Sunilkumar R** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-07/06/2022.

1. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് -AIF) നടപ്പിലാക്കുന്നു. ഈ ധനസഹായ പദ്ധതിയുടെ സവിശേഷതകൾ ഇനി പറയുന്നു. 2020-21 മുതൽ 2032-33 വരെ 13 വർഷമാണ് പദ്ധതിയുടെ കാലാവധി. 2 കോടി രൂപ വരെ 3 ശതമാനം പലിശ ഇളവ് പദ്ധതി പ്രകാരം ലഭിക്കുന്നതാണ്. 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഗവൺമെന്റ് ക്രെഡിറ്റ് ഗ്യാരണ്ടി നൽകുന്നതാണ്. 2 വർഷം മൊറട്ടോറിയം ഉൾപ്പെടെ 7 വർഷമാണ് തിരിച്ചടവ് കാലാവധി. https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് അപേക്ഷ നൽകേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട്, കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. തീറ്റപ്പുൽ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (ജൂൺ 7) രാവിലെ 10 മണിക്ക് തൃശൂർ ജില്ലയിലെ താണിക്കടുത്തുള്ള തീറ്റപ്പുൽ തോട്ടം പരിസരത്തുവെച്ച് റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ.രാജന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ചടങ്ങിൽ തൃശൂർ എം.പി ടി.എൻ. പ്രതാപൻ മുഖ്യാതിഥി ആയിരിക്കും.

3. വെറ്ററിനറി സർവ്വകലാശാലയുടെ കീഴിൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്തുള്ള തിരുവിഴാംകുന്ന് പ്രവർത്തിക്കുന്ന വളർത്ത് പക്ഷി ഗവേഷണ കേന്ദ്രത്തിൽ നിന്നും ഇറച്ചിക്കായി ഉപയോഗിക്കാവുന്ന 4 മാസം പ്രായമുള്ള സങ്കരയിനത്തിൽപ്പെട്ട പൂവൻ കോഴികൾ കിലോക്ക് 140 രൂപ നിരക്കിലും മുട്ട കോഴികൾ ഒന്നിന് 255 രൂപ നിരക്കിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **04924 293885, 6282907009**. എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള കാർഷിക സർവ്വകലാശാല വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി **കാർഷിക സർവ്വകലാശാല വിദ്യാലയങ്ങളിലേക്ക്** എന്ന പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ജീവിതത്തിലെ എല്ലാ നല്ല അനുഭവങ്ങളും സെൽഫിയിലൂടെ പ്രദർശിപ്പിക്കുന്ന ഇന്നത്തെ യുവ തലമുറയ്ക്ക് **"പ്രകൃതിയുമായി ഒരു സെൽഫി"** എന്ന മത്സരം സംഘടിപ്പിക്കുന്നു. ഈ മത്സര പരിപാടിയിൽ സമർപ്പിക്കേണ്ട ഫോട്ടോ 4:3 ആസ്പെക്ട് അനുപാതത്തിൽ ആയിരിക്കണം. https://forms.gle/2KGgdufKLA6zzpP29 എന്ന ഗൂഗിൾ ഫോമിൽ അപ്‌ലോഡ് ചെയ്യുന്നതിന് മുമ്പായി ജെപിജി ഫോർമാറ്റിലാണ് ചിത്രം എന്നും മറ്റ് സോഷ്യൽ മീഡിയകളിൽ ഒന്നും തന്നെ നേരത്തെ ഇവ പോസ്റ്റ് ചെയ്തിട്ടില്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഗൂഗിൾഫോം അപ്‌ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി ഈ മാസം 13 (ജൂൺ 13) ആണ്.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ പിട കോഴിക്കുഞ്ഞുങ്ങൾ 22 രൂപ നിരക്കിലും പൂവൻ കോഴിക്കുഞ്ഞുങ്ങൾ 10 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

## പരിശീലന പരിപാടികൾ

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ഇ-ലേണിംഗ് (സെൽ) വെള്ളാനിക്കര കാർഷിക കോളേജിലെ അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുമായി സഹകരിച്ച് **'R' സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡാറ്റാ അനാലിസിസ്** പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഈ മാസം 21 മുതൽ 25 വരെ (ജൂൺ 21 മുതൽ 25 വരെ) തുടർച്ചയായി 5 ദിവസത്തേക്ക് ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ പ്രോഗ്രാം ഷെഡ്യൂൾ ചെയ്തിരിക്കുന്നു. ഡാറ്റ അനലിറ്റിക്സ് പഠിക്കാൻ താൽപ്പര്യമുള്ള രാജ്യത്തെ എല്ലാ സർവ്വകലാശാലകളിലെയും ഫാക്കൽറ്റികൾ, വിദ്യാർത്ഥികൾ, ഡാറ്റാ അനലിസ്റ്റ്, ഗവേഷകർ എന്നിവർക്ക് രജിസ്റ്റർ ചെയ്യാം. പങ്കെടുക്കുന്നവർ https://forms.gle/ubE1jd8bHCa9z9GQA എന്ന

ഗൂഗിൾ ഫോം ലിങ്ക് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷനുള്ള അവസാന തീയതി ജൂൺ 15 ആണ്.

7. കോഴിക്കോട് ജില്ലയിൽ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ഈ മാസം 13 മുതൽ 23 വരെ (13.06.2022 മുതൽ 23.06.2022 വരെ) **പാലുത്പന്ന നിർമ്മാണത്തിൽ** പരിശീലനം നടത്തുന്നു. പ്രവേശന ഫീസ് 135 രൂപ. ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടാതാണ്. താൽപ്പര്യമുള്ളവർ നാളെ (08.06.2022) വൈകുന്നേരം 5 മണിക്ക് മുമ്പായി ddpdtcpkkd.dairy@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ **0495-2414579** എന്ന ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ക്ഷീര പരിശീലനകേന്ദ്രം പ്രിൻസിപ്പൽ അറിയിച്ചു

8. മക്കളുവളർത്തി എന്നത് കാടിന്റെ മക്കൾ കൃഷി ചെയ്യുന്ന ഒരു ഇനം കൈതച്ചക്കയുടെ പേരാണ്. 'കൂന്താണി' എന്നാണ് ഈ കൈതച്ചക്ക പ്രധാനമായും അറിയപ്പെടുന്നത്. ഒരു ചുവട്ടിൽ നിന്നുതന്നെ വലിയ ഒരു ചക്കയും അതിനെചുറ്റി നാലും അഞ്ചും ചെറുചക്കകളും. ഒരു ചക്കയെചുറ്റി അതിന്റെ മക്കൾ എന്ന വിധത്തിൽ ചുറ്റും ചെറുചക്കകൾ കൂടി പിടിക്കുന്നതുകൊണ്ടാണ് അവരിതിന് 'മക്കളുവളർത്തി' എന്ന ഓമനപ്പേര് നൽകിയിരിക്കുന്നത്. വിതുര ഗോത്രവർഗ്ഗ കോളനിയായ മണിതൂക്കിയിലെ കർഷകരാണ് പ്രധാനകർഷക 'പരപ്പി'യുടെ നേതൃത്വത്തിൽ മക്കളുവളർത്തി കൈതച്ചക്കയും, ഒപ്പം വിവിധ കാർഷിക വിഭവങ്ങളായ ചീര, വരിക്കച്ചക്ക, കരിങ്കദളിപ്പഴം, ഈറ്റ വടികൾ എന്നിവയുമായി കൃഷി മന്ത്രിയുടെ പുതിയ ഔദ്യോഗിക വസതിയായ ലിന്തേർസ്റ്റിൽ ആദ്യദിനം തന്നെ വിരുന്നുകാരായെത്തിയത്. പരപ്പിയുടെ മകൻ ഗംഗാധരൻ കാണി, മരുമകൾ അൻപുമോൾ, അൻപുമോളുടെ മാതാവ് മാത്തി, ചെറുമക്കളായ മഹർഷ്. ജി. എ കാണി, അഗസ്ത്യൻ. ജി.എ കാണി, മയൂഖ്. ജി. എ. കാണി എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. പരുത്തിപ്പള്ളി റേഞ്ചിലെ ആർ ആർ റ്റി സെക്ഷൻ ഫോറസ്റ്റ് ഓഫീസറാണ് ഗംഗാധരൻ കാണി. കൂന്താണി പൈനാപ്പിളിന്റെ സവിശേഷതകൾ പരപ്പി കൃഷിമന്ത്രിക്കു വിശദീകരിച്ചു. 30 വർഷമായി തങ്ങൾ കൃഷി ചെയ്യുന്ന ഇനമാണ് കൂന്താണി പൈനാപ്പിൾ. പുറംതൊലിയിൽ അധികം മുള്ളുകളില്ല. നല്ല കൂർത്ത് മുകളിലേക്ക് പോകുന്ന പ്രധാന ചക്കയാണ് ഇതിന്റ ആകർഷകം. സാധാരണയായി കൃഷി ചെയ്യുന്ന

ഇനത്തിനെ അപേക്ഷിച്ച് വ്യത്യസ്തമായ സ്വാദാണിതിനുള്ളത്. കോളനി പ്രദേശത്തെ മക്കളുവളർത്തി ചക്ക ഉൾപ്പെടെ മറ്റു തനത് കാർഷിക വിളകളെക്കുറിച്ച് വിശദമായ പഠനം നടത്തുവാൻ കാർഷിക സർവ്വകലാശാലയിലെ ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുമെന്ന് കൃഷി മന്ത്രി പറഞ്ഞു. കൈതച്ചക്ക കൂടാതെ വിശേഷ ഇനത്തിൽപ്പെട്ട ഒത്തിരി ഭക്ഷ്യവിഭവങ്ങൾ അവർ കൃഷി ചെയ്യുന്നുമുണ്ട്. കാട്ടുകാച്ചിൽ, വിവിധ ഇനം മരച്ചീനി, മധുരക്കിഴങ്ങ്, കോട്ടാൻ കത്തിരി, മുള്ളൻ പുറുത്തിയടക്കം വിവിധ വിഭവങ്ങൾ. ഈ വിഭവങ്ങളുടെ പൈതൃകാവകാശം പ്രസ്തുത ഗോത്രവർഗ്ഗത്തിനു തന്നെ സ്വന്തമാക്കി നൽകുന്ന കാര്യത്തിലും നടപടികൾ ഉണ്ടാകുമെന്ന് മന്ത്രി ഉറപ്പു നൽകി

**കാർഷിക നിർദ്ദേശങ്ങൾ**

9. ഇന്ത്യൻ കാലാവസ്ഥ വകുപ്പിന്റെ കാലാവസ്ഥ പ്രവചനമനുസരിച്ച്, കൊല്ലം ജില്ലയിൽ നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴയ്ക്ക് സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ കൊല്ലം ജില്ല കൃഷി വിജ്ഞാനകേന്ദ്രം കർഷകർക്ക് നൽകുന്ന പരിപാലന നിർദ്ദേശങ്ങൾ:-

a) കാലവർഷ ആരംഭം ആയതിനാൽ കൃഷിയിടങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ചാലുകൾ കീറി നീർവാർച്ച സൗകര്യം ഉറപ്പാക്കുക. താങ്ങ് നൽകി നിർത്തേണ്ട വിളകൾക്ക് ആവശ്യമായ താങ്ങുകൾ നൽകുക. മഴക്കാലം കൊതുകൾക്കു മുട്ടയിട്ട് പെരുകാൻ അനുയോജ്യമായ സമയമായതിനാൽ തൊഴുത്തും അതിന്റെ പരിസരവും വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കുക.

b) വിരിപ്പ് നെൽകൃഷിയ്ക്കായി കുമ്മായവും അടിവളവും ചെയ്ത് നിലമൊരുക്കൽ പൂർത്തിയായ സ്ഥലങ്ങളിൽ ഞാറ്റടിയിൽ നിന്നും മൂപ്പെത്തിയ ഞാറുകൾ ജൂൺ ആദ്യവാരത്തോടെ പറിച്ചു നടാവുന്നതാണ്. ഞാറുകൾ പറിച്ചു നടുന്നതിനു മുൻപായി വേരുകൾ സ്യൂഡോമോണാസ് (20 ഗ്രാം /ഒരു ലിറ്റർ വെള്ളം ) ലായനിയിൽ അര മണിക്കൂർ മുക്കി വെച്ച ശേഷം നടുന്നത് രോഗങ്ങളെ പ്രതിരോധിക്കാൻ സഹായിക്കും. ഒരു നുരിയിൽ രണ്ടോ മൂന്നോ ഞാറു വീതം 3 മുതൽ 4 സെ മി ആഴത്തിൽ നടുന്നതാണ് നല്ലത്. കൂടുതൽ ആഴത്തിലുള്ള ഞാറ് നടീൽ ഒഴിവാക്കണം. നടീൽ സമയത്ത് വയലിൽ 1.5 സെ.മി അളവിൽ വെള്ളം നിലനിർത്താനും ശ്രദ്ധിക്കണം. ജല ലഭ്യത ഉറപ്പുള്ളതും അമ്ലത്വം കൂടുതലുള്ളതുമായ നിലങ്ങളിൽ 15 ദിവസം കൂടുമ്പോൾ വെള്ളം കയറ്റി ഇറക്കുന്നത് നല്ലതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

c) നെല്ലിൽ പറിച്ചു നടീൽ കഴിഞ്ഞ സ്ഥലങ്ങളിൽ കളകൾ മുളച്ചു പൊങ്ങാൻ സാധ്യതയുള്ളതിനാൽ കളകൾ പറിച്ചു കളഞ്ഞു നശിപ്പിക്കുകയോ അനുയോജ്യമായ കളനാശിനികൾ ഉപയോഗിച്ച് നിയന്ത്രിക്കുകയോ ചെയ്യുക. പറിച്ചു നടീൽ കഴിഞ്ഞ പാടങ്ങളിൽ കളകൾ മുളച്ചു പൊങ്ങുന്നതിന് മുൻപ് എല്ലാത്തരം കളകളെയും നിയന്ത്രിക്കുന്നതിനായി പ്രെട്ടിലാക്ലോർ + ബെൻസൾഫ്യുറോൺ മീതൈൽ (ലോണ്ടക്സ് പവർ ) 10 കിലോ ഒരു ഹെക്ടറിലേക്ക് എന്ന തോതിൽ നട്ട് അല്ലെങ്കിൽ വിതച്ച് 6 ദിവസത്തിനുള്ളിൽ ഉപയോഗിക്കാവുന്നതാണ്. അല്ലെങ്കിൽ പെനോക്സുലം (ഗ്രാനൈറ്റ് 24 SC ) 104 മില്ലി ഒരു ഹെക്ടറിലേക്ക് എന്ന തോതിൽ നട്ട് അല്ലെങ്കിൽ വിതച്ച് 15 മുതൽ 20 ദിവസത്തിനകം ഉപയോഗിക്കാവുന്നതാണ്.

d) മഴക്കാലമായതിനാൽ കൃഷിയിടങ്ങളിൽ ഒച്ചിന്റെ ശല്യം രൂക്ഷമായി കണ്ടുവരുന്നു. ഇവയെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പരിസരശുചിത്വവും മാലിന്യനിർമ്മാർജ്ജനവും അനിവാര്യമാണ്. വൈകുന്നേരങ്ങളിൽ നനഞ്ഞ ചണച്ചാക്ക് വിരിച്ച് ഒച്ചിനെ ആകർഷിക്കുന്ന പപ്പായ ഇലയോ പഴമോ / കാബേജില / ചോറ് /പുളിച്ച പഞ്ചസാര ലായനി തുടങ്ങിയവ നിരത്തുക. ഇങ്ങനെ ആകർഷിച്ച് കൂട്ടം കൂടുന്ന ഒച്ചുകളെ തോട് പൊട്ടിച്ചോ പുകയില കഷായം - തുരിശ്മിശ്രിതം തളിച്ചോ നശിപ്പിക്കാവുന്നതാണ് (25 ഗ്രാം പുകയില ഒന്നര ലിറ്റർ വെള്ളത്തിൽ തിളപ്പിച്ച് ഒരു ലിറ്റർ ആക്കുക. തണുത്ത ശേഷം ലായനി അരിച്ചു മാറ്റുക. 60 ഗ്രാം തുരിശ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ശേഷം രണ്ടുലായനികളും കൂട്ടിചേർത്ത് (2 ലിറ്റർ ) കൂട്ടം കൂടുന്ന ഒച്ചുകളുടെ മേൽതളിക്കുക.) അല്ലെങ്കിൽ ഒരു ലിറ്റർ വെള്ളത്തിൽ 200 ഗ്രാം ഉപ്പ് കലക്കിയ ലായനി ശേഖരിച്ച ഒച്ചുകളുടെ മേൽ തളിച്ചും നശിപ്പിക്കാം. ഇവയുടെ ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ മെറ്റാൽഡിഹൈഡ് പെല്ലറ്റ് കെണി (സ്നെയിൽ കിൽ ) 2.5 % വീര്യത്തിൽ 2 കിലോ ഒരു ഏക്കറിന് എന്ന തോതിൽ ഉപയോഗിക്കാവുന്നതാണ്. പല സ്ഥലങ്ങളിലായി 2 മുതൽ 3 പെല്ലറ്റ് എന്ന തോതിൽ വെച്ച് കൊടുക്കണം. വിഷക്കെണി ഉപയോഗിക്കുമ്പോൾ കുട്ടികളും വളർത്തുമൃഗങ്ങളും പക്ഷികളുമായി നേരിട്ട് സമ്പർക്കത്തിൽ വരാതെ പ്രത്യേകം ശ്രദ്ധിക്കണം. ഒച്ചുകളെ ശേഖരിക്കുമ്പോൾ ഗ്ലൗസോ പ്ലാസ്റ്റിക്ക് കവറുകളോ കയ്യിൽ ഉപയോഗിക്കാൻ ശ്രദ്ധിക്കണം.കാർഷിക കാലാവസ്ഥാനുബന്ധ വിവരങ്ങൾക്ക് **9446093329, 9778764946, 8089392833** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.